No. of Printed Pages : **6**

**7603**

Register Number

# Language – Part I – MALAYALAM

Time : 3.00 Hours ] [ Maximum Marks : 90

**നിർദ്ദേശങ്ങൾ :** (1) അച്ചടിച്ചതിന്റെ ശുദ്ധത ഉറപ്പുവരുത്തുന്നതിനായി ചോദ്യ പേപ്പർ പരിശോധിക്കുക. ഏതെങ്കിലും തരത്തിലുള്ള കുഴപ്പമുണ്ടെങ്കിൽ ഉടൻതന്നെ ഹാൾ സൂപ്പർവൈസറെ അറിയിക്കുക.

(2) എഴുതുവാനും അടിവരയിടുവാനും **കറുപ്പോ നീലയോ** നിറത്തിലുള്ള മഷിമാത്രം ഉപയോഗിക്കുക.

**ഭാഗം - I**

**എല്ലാ** ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. തന്നിട്ടുള്ളതിൽ നിന്ന് ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക. **14x1=14**

Choose the correct answer and answer **all** the questions.

**1.** ജനകമഹാരാജാവിന്റെ കൊട്ടാരത്തിലെ വില്ലിന്റെ പേരെന്ത് ?

(a) കാളപൃഷ്ഠം (b) ത്രൈയംബകം (c) ഗാണ്ഡീവം (d) വൈഷ്ണവം

**2.** 'അന്ത്യപ്രലോഭനം' എന്ന കവിതാസമാഹാരം രചിച്ചതാര് ?

(a) വിജയലക്ഷ്മി (b) അഷിത

(c) ഗാണ്ഡീവം (d) കെ.ആർ. ഗോപി

**3.** കാലാത്മജാനുജൻ എന്നു വിശേഷിപ്പിക്കുന്നതാരെ ?

(a) വൃകോദരൻ (b) ഹനുമാൻ (c) ദുര്യോധനൻ (d) അർജുനൻ

**4.** ഖരോഷ്ഠി ലിപിയുടെ വായനയ്ക്ക് നാം കടപ്പെട്ടിരിക്കുന്നത് ആരോടാണ് ?

(a) ബ്രൂണർ (b) ജെയിംസ് പ്രിൻസെപ്പ്

(c) ഡോ. പി.ജെ. തോമസ് (d) പിയാഷെ

**5.** വൈവിദ്ധ്യവും വൈചിത്ര്യവുമാർന്ന ദേവതകൾ പ്രത്യക്ഷപ്പെടുന്ന കലയാണ് ?

(a) മുടിയേറ്റ് (b) കാളിത്തീയാട്ട് (c) തെയ്യം-തിറ (d) പടയണി

[ Turn over

6. 'ബിലാത്തി വിശേഷം' എന്ന കൃതി ഏത് സാഹിത്യവിഭാഗത്തിൽ പെടുന്നു ?

(a) നോവൽ (b) ആത്മകഥ

(c) യാത്രാ വിവരണം (d) ചെറുകഥ

7. ''കാമനെന്നിവനെ സ്ത്രീകൾ

കാലനെന്നോർത്തു വൈരികൾ'' - ഈ വരികളിലെ അലങ്കാരം ഏത് ?

(a) ഉദാത്തം (b) ഉപമ (c) ഉല്ലേഖം (d) ഉത്പ്രേക്ഷ

8. ജതം ജഗംഗം എന്ന ഗണ വ്യവസ്ഥ വരുന്ന വൃത്തമേത് ?

(a) ഉപേന്ദ്രവജ്ര (b) ഇന്ദ്രവജ്ര (c) രഥോദ്ധത (d) വസന്തതിലകം

9. ഒന്നിനൊന്നോടു സാദൃശ്യം ചൊല്ലുന്ന അലങ്കാരമാണ് :

(a) ഉപമ (b) രൂപകം (c) ദീപകം (d) ഉത്പ്രേക്ഷ

10. വർണ്യത്തിൽ ആശങ്ക ജനിക്കുന്ന അലങ്കാരമാണ് :

(a) വിരോധാഭാസം (b) യമകം (c) ഉത്പ്രേക്ഷ (d) കാവ്യലിംഗം

11. തഭജം ജഗംഗം എന്ന വ്യവസ്ഥ വരുന്ന വൃത്തം ഏത് ?

(a) മന്ദാക്രാന്ത (b) കാകളി (c) കേക (d) വസന്തതിലകം

12. അനേകമേക ധർമത്തിൽ അന്വയിക്കുന്ന അലങ്കാരമാണ് :

(a) ഉൽപ്രേക്ഷ (b) കാവ്യലിംഗം (c) ദീപകം (d) യമകം

13. താഴേകൊടുത്തിരിക്കുന്നവയിൽ ശരിയായ പദമേത് ?

(a) സുഗന്ധം (b) സുകന്ധം (c) സുഗന്ദം (d) സുകന്ദം

14. താഴേപ്പറയുന്നവയിൽ ഏതാണ് മലയാറ്റൂർ രാമകൃഷ്ണന്റെ കഥാസമാഹാരം ?

(a) വാനപ്രസ്ഥം (b) കളക്ടർ (c) തലമുറകൾ (d) പുഴ

## ഭാഗം - II

## SECTION - 1

**ഏതെങ്കിലും മൂന്ന്** ചോദ്യത്തിന് ഉത്തരമെഴുതുക. 3x2=6

Answer **any three** questions .

15. ഉള്ളൂർ എസ്. പരമേശ്വരയ്യരെ പരിചയപ്പെടുത്തുക.

16. പ്രഭാവർമ്മയെക്കുറിച്ചെഴുതുക.

17. നടുങ്ങി രാജാക്കൻമാരുരഗങ്ങളെപ്പോലെ
മൈഥിലി മയിൽപ്പേടപോലെ സന്തോഷം പൂണ്ടാൾ
    (a) ഏത് കവിതയിലെ വരികളാണിത് ?
    (b) ഇതെഴുതിയ കവി ആരാണ് ?

18. മേലാളില്ലാത്ത, കീഴാളില്ലാത്ത
നാളെതൻ കൊടിയേറട്ടെ!
    (a) ഈ വരികൾ എഴുതിയ കവി ആരാണ് ?
    (b) ഏത് പദ്യത്തിലെ വരികളാണിത് ?

## SECTION - 2

**ഏതെങ്കിലും രണ്ടു** ചോദ്യത്തിന് ഉത്തരം എഴുതുക. 2x2=4

Answer **any two** questions.

19. എഴുത്തിനിരുത്ത് അനുഭവത്തെക്കുറിച്ച് ഇ.എം.എസ്. നമ്പൂതിരിപ്പാട് പറയുന്നതെന്ത് ?

20. പരിഷ്ക്കാരം എന്ന പദം കൊണ്ട് നാം ഉദ്ദേശിക്കുന്നതെന്ത് ?

21. ഡൽഹി സെക്രട്ടേറിയറ്റിനെപറ്റി കുറിപ്പ് എഴുതുക.

## SECTION - 3

**ഏതെങ്കിലും ഏഴു** ചോദ്യത്തിന് ഉത്തരം എഴുതുക. 7x2=14

Answer **any seven** questions.

22. ഒറ്റപ്പദമാക്കുക.
    (a) ശിവന്റെ ചാപം
    (b) രാമന്റെ ദാസൻ

23. ചേർത്തെഴുതുക.
    (a) വേനലിൽ + ഒരു
    (b) പാരമ്പര്യം + കൾ

24. പിരിച്ചെഴുതുക.
    (a) രണ്ടക്ഷരം
    (b) ആധുനികമായ

25. രണ്ട് പഴഞ്ചൊല്ലുകൾ എഴുതുക.

26. രണ്ടു കടംകഥകൾ ഉത്തരസഹിതം എഴുതുക.

27. വാക്യത്തിൽ പ്രയോഗിക്കുക.
    (a) ശ്രദ്ധേയം
    (b) അലങ്കരിക്കുക

28. ഉത്പ്രേക്ഷാലങ്കാരത്തിന്റെ ലക്ഷണം എഴുതുക.

29. കേക വൃത്തത്തിന് ഉദാഹരണം എഴുതുക.

30. വൈലോപ്പിള്ളി ശ്രീധരമേനോന്റെ രണ്ടു കൃതികളുടെ പേരെഴുതുക.

## ഭാഗം - III
## SECTION - 1

**ഏതെങ്കിലും രണ്ട്** ചോദ്യത്തിന് ഉത്തരം എഴുതുക. 2x4=8

Answer **any two** questions.

31. രാജാധിരാജൻ ദയാർഹനായിത്തീരുന്നത് എങ്ങനെ ?

32. കാറ്റിന്റെ പുത്രരുടെ വീരഗുണങ്ങളെക്കുറിച്ച് കവി പറയുന്നതെന്തെല്ലാം ?

33. പിടിച്ചു നിൽക്കാൻ ശ്രമിക്കുന്ന വൃക്ഷത്തെ കവി അവതരിപ്പിക്കുന്നതെങ്ങനെ ?

34. കദളീവനത്തിന്റെ പ്രത്യേകതകൾ ചുരുക്കി എഴുതുക.

## SECTION - 2

**ഏതെങ്കിലും രണ്ടെണ്ണത്തിന്** ഉത്തരമെഴുതുക. 2x4=8

Answer **any two** questions.

35. സ്ഥലം സ്ഥിരമാണെന്ന നമ്മുടെ സങ്കല്പം വെറും മിഥ്യയാണെന്ന് ലേഖകൻ സമർത്ഥിക്കുന്നതെങ്ങനെ ?

36. കേരളത്തിലെ നാടൻ കലകളുടെ സവിശേഷത എന്ത് ?

37. കൗൺസിൽ ഹൗസിന്റെ പ്രത്യേകതകൾ എന്തെല്ലാം ?

38. ഇന്നത്തെ ഇൻഡ്യ പുരാതനാര്യാവർത്തത്തേക്കാൾ കൂടുതൽ പരിഷ്കൃതമാണെന്ന് പറയുന്നതെന്തുകൊണ്ട് ?

## SECTION - 3

**ഏതെങ്കിലും മൂന്ന്** ചോദ്യത്തിന് ഉത്തരമെഴുതുക. 3x4=12

Answer **any three** questions.

39. താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

വികാരം, വിജ്ഞാനം എന്നിവയുടെ കൂടെ നിൽക്കേണ്ടതാണ് വിചാരം. ചിന്താശീലവും യുക്തികുശലതയും പ്രാസംഗികരിൽ ഒഴിച്ചുകൂടാത്ത ഗുണങ്ങളാണ്. സംസാരിക്കുന്നതിന് മുമ്പ് എന്തിനെക്കുറിച്ച് എങ്ങനെയാണ് താൻ സംസാരിക്കാൻ പോകുന്നതെന്നും, സംസാരിച്ചു കൊണ്ടിരിക്കുമ്പോൾ എന്താണ് താൻ പറയുന്നതെന്നും വ്യക്തമായ ബോധം പ്രാസംഗികനുണ്ടായിരിക്കണമെന്ന് ചിലർ ഉപദേശിക്കാറുണ്ട്. പ്രസംഗത്തിൽ വിചാരശീലത്തിന്റെ പ്രാധാന്യത്തെ ഊന്നിപ്പറയുകയാണ് അവർ. പക്ഷേ ജനലക്ഷങ്ങളുടെ ഹൃദയത്തിൽ മിന്നൽ പായിച്ചുകൊണ്ട് വികാരപരകോടിയിലെത്തുന്ന പ്രസംഗങ്ങൾക്ക് ഈ നിയമം ബാധകമല്ല. എന്നാൽ സാധാരണ പ്രഭാഷണങ്ങളിൽ വിചാരത്തിനും യുക്തി ബോധത്തിനും മാന്യമായ സ്ഥാനമുണ്ട്.

(1) പ്രാസംഗികർക്ക് വ്യക്തമായ ബോധം ഉണ്ടാകേണ്ടത് എന്തിനെക്കുറിച്ചാണ് ?

(2) വിചാരശീലം പ്രധാനമാണെന്ന നിയമം ബാധകമല്ലാത്തതെന്തിനാണ് ?

(3) പ്രാസംഗികർക്കുണ്ടായിരിക്കേണ്ട ഗുണങ്ങളേവ ?

(4) സാധാരണ പ്രഭാഷണങ്ങളിൽ എന്തിനെല്ലാമാണ് മാന്യമായ സ്ഥാനമുള്ളത് ?

**40.** അധികമായാൽ അമൃതും വിഷം എന്ന പഴഞ്ചൊല്ലിന്റെ ആശയം വിശദീകരിക്കുക.

**41.** സ്കൂൾ കായിക മത്സരങ്ങളിൽ പങ്കെടുത്ത് വിജയം നേടിയ സുഹൃത്തിനെ അനുമോദിച്ചു കൊണ്ട് കത്തെഴുതുക.

**42.** നിങ്ങൾ കണ്ട സിനിമയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

**43.** നിങ്ങളുടെ സ്ഥലത്തു നടന്ന ഒരു സംഭവത്തെക്കുറിച്ച് പത്രവാർത്ത തയ്യാറാക്കുക.

### ഭാഗം - IV

**എല്ലാ** ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. **3x6=18**

Answer **all** the questions.

**44.** (a) പുതിയ കാഴ്ചപ്പാട് എന്ന കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

**അല്ലെങ്കിൽ**

(b) കാറ്റ് എന്ന കവിതയിലെ പ്രമേയം സംഗ്രഹിക്കുക.

**45.** (a) പതിനാറാം നൂറ്റാണ്ട് കേരള വിദ്യാഭ്യാസ ചരിത്രത്തിൽ സുവർണ കാലഘട്ടമാണ് എന്ന് ലേഖകൻ പറയുന്നത് എന്തുകൊണ്ട് ?

**അല്ലെങ്കിൽ**

(b) കാളി-ദാരിക മിത്തിനെക്കുറിച്ച് എഴുതുക.

**46.** (a) വിഷുക്കണി എന്ന കഥയിലെ പ്രമേയം എഴുതുക.

**അല്ലെങ്കിൽ**

(b) തലമുറകൾ എന്ന കഥയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

### ഭാഗം - V

**47.** താഴെ കൊടുത്തിരിക്കുന്ന പദ്യഭാഗം പൂരിപ്പിക്കുക. **1x6=6**

ഇറുപ്പുവന്നും ..................... പ്രഥമപ്രരോഹം

- o O o -